"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - കൊല്ലം, കണ്ണനല്ലൂർ എം.കെ.എൽ.എം. എച്ച്.എസ്.എസ്സിലെ എച്ച്.എസ്.ടി. (ഹിന്ദി) ശ്രീമതി. ശ്രീലക്ഷ്മി.എം.ആർ - ന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.10533/2025/GEDN തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:-

1. കൊല്ലം എച്ച്.എസ്.ടി. (ഹിന്ദി) തസ്തികയിൽ നിയമിതയായ ശ്രീമതി. ശ്രീലക്ഷ്മി.എം.ആർ സർക്കാരിൽ സമർപ്പിച്ച 03/10/2025 തീയതിയിലെ പുന:പരിശോധന ഹർജി.
2. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24-11-2025 തീയതിയിലെ DEOKLM/2063/2025-B4.
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25-11-2025 തീയതിയിലെ ഡിഡി.ഇ/ബി 3/3894/25.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26-11-2025 തീയതിയിലെ ഇ.റ്റി.1/23596/2025/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണനല്ലൂർ എം.കെ.എൽ.എം. എച്ച്.എസ്.എസ്സിലെ എച്ച്.എസ്.ടി. (ഹിന്ദി) തസ്തികയിൽ നിയമിതയായ ശ്രീമതി. ശ്രീലക്ഷ്മി.എം.ആർ. ന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഹർജിയിൽ 28.11.2025 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം കേട്ടു.

2.ഹർജിക്കാരിയുടെ വാദം താഴെ പറയുന്ന പ്രകാരമായിരുന്നു :

കൊല്ലം DEO യുടെ കീഴിലുള്ള MKLMHSS കണ്ണനല്ലൂരിൽ, ശ്രീമതി. ശ്രീലക്ഷ്മി. എം.ആർ, നെ എച്ച്.എസ്.റ്റി (ഹിന്ദി) ആയി ശ്രീ. അബ്ദുൽ സമദ്.പി, HST (ഹിന്ദി) റിട്ടയർ ചെയ്തതുമൂലം നിലവിൽ വന്ന ഒഴിവിൽ 01/06/2023 മുതൽ ശമ്പള സ്കെയിലിൽ നിയമിച്ചിരുന്നു. ഈ നിയമനവുമായി ബന്ധപ്പെട്ട പ്രപ്പോസൽ കൊല്ലം ഡി.ഇ.ഒ ഉത്തരവ് നമ്പർ B4/47879/2023 തീയതി 29/01/2024 പ്രകാരം മാനേജർക്ക് മടക്കി നൽകിയിരുന്നു . 'ന്യൂ സ്കൂളി'ൻ്റെ ഗണത്തിൽ വരുന്ന ഈ സ്കൂളിൽ ഒരു വ്യവസ്ഥാപിത ഒഴിവ് മാനേജർ റൂൾ 7(3) ചാപ്റ്റർ XXI KER പ്രകാരം സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി വിട്ടുനൽകി സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചില്ലായെന്നതാണ് നിയമനാംഗീകാര നിഷേധത്തിനാധാരമായ കാരണം.

അതേസമയം, നിയമനം നിഷേധിക്കുന്നതിനാധാരമായി ഉന്നയിച്ചിരിക്കുന്ന മേൽപ്പറഞ്ഞ തടസ്സവാദം നിലനിൽക്കാത്തതാണ്. ഈ സാഹചര്യത്തിലാണ് റൂൾ 92 ചാപ്റ്റർ 14എ. കെ.ഇ.ആർ പ്രകാരം ശ്രീമതി. ശ്രീലക്ഷ്മി. എം.ആർ 03-10-2025 ൽ ബഹു: പൊ.വി. പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ ഒരു റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വസ്തുതകൾ പരിഗണനക്കായി സമർപ്പിക്കുന്നു.

MKLMHSS കണ്ണനല്ലൂർ, New School ന്റെ ഗണത്തിൽവരുന്ന സ്കൂളാണ്. 'ന്യൂ സ്കൂൾ' എന്ന നിലയിൽ ഒരു വ്യവസ്ഥാപിത ഒഴിവ് വിട്ടു നൽകി, അതിൽ മാനേജർ സംരക്ഷിത ജീവനക്കാരനെ നിയമിച്ചിട്ടില്ലായെന്ന ആരോപണം വസ്തുതാപരമല്ല. ഗവൺമെന്റ് സർക്കുലർ നമ്പർ 57/2019/G-Edn. തീയതി 08/03/2019 ലെ വ്യവസ്ഥകൾ പ്രകാരം, നിശ്ചിത സമയപരിധിക്കുള്ളിൽ, (06/06/2019), 02/05/2018 ൽ പ്രമോഷൻമൂലം നിലവിൽ വന്ന 1 എഫ്. റ്റി.എം ഒഴിവ്, സംരക്ഷിത ജീവനക്കാരനെ നിയമിക്കാനായി വിട്ടുനൽകി ജോയിന്റ് മാനേജർമാർ ഒരു സത്യപ്രസ്താവന ബഹു. കൊല്ലം ഡി.ഡി.ഇ മുമ്പാകെ സമർപ്പിച്ചിരുന്നു. എന്നാൽ ഈ ഒഴിവിൽ ബഹു. ഡി.ഡി.ഇ 2 സംരക്ഷിത എഫ്.റ്റി.എം-മാരെ നിയമിച്ച് ഉത്തരവുകളിറക്കിയെങ്കിലും അവർ ഡ്യൂട്ടിക്കെത്തിയില്ല. ഈ സാഹചര്യത്തിൽ ഈ ഒഴിവിൽ, നേരത്തേ ഈ സകൂളിൽ എഫ്.റ്റി.എം ആയി ജോലി ചെയ്തിരുന്ന ശ്രീ. ബി.ബിസാർ എന്നയാളിന് നിയമനവും അംഗീകാരവും നൽകാൻ ബഹു. കേരള ഹൈക്കോടതി ഉത്തരവാകുകയും അതനുസരിച്ച് നിയമനം നടത്തുകയുമാണുണ്ടായത്. തുടർന്ന്, ഈ ഒഴിവിനു പകരം 1 എച്ച്.എസ്.റ്റി (മലയാളം) റെഗുലർ ഒഴിവ് വിട്ടുനൽകിക്കൊണ്ട് 13/07/2021 ൽ മാനേജർ വീണ്ടും സത്യവാങ്മൂലം ഡി.ഡി.ഇ-ക്ക് നൽകുകയും അതംഗീകരിച്ച് ശ്രീ. ബി.ബിനു എന്ന സംരക്ഷിത എച്ച്.എസ്.റ്റി (മലയാളം) യെ 24/12/2022 മുതൽ ഈ സ്കൂളിൽ നിയമിക്കുകയും ടിയാൻ 14/07/2023 ജോലിയിൽ തുടരുകയും ചെയ്തിരുന്നു. 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിൽ 1 എച്ച്.എസ്.റ്റി (മലയാളം) തസ്തികയും 1 എച്ച്.എസ്.റ്റി (എസ്.എസ്) തസ്തികയും നഷ്ടമായി. അതു മൂലമാണ് 15/07/2023 മുതൽ മേൽപ്പറഞ്ഞ സംരക്ഷിതാദ്ധ്യാപകന് തസ്തിക നഷ്ടമായത്. ഇതിനുപകരം 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിലനുവദിച്ചതും 2025-26 വരേയും ഒഴിഞ്ഞു കിടക്കുന്നതുമായ 1 എച്ച്.എസ്.റ്റി (അറബിക്) ന്റെ അധിക തസ്തിക സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി വിട്ടു നൽകി, ജോയിന്റ് മാനേജർമാർ 18/03/2025 ൽ വീണ്ടും പുതിയ സത്യവാങ്മൂലം ബഹു. ഡി.ഡി.ഇ-ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ സംരക്ഷിത എച്ച്.എസ്.റ്റി (അറബിക്) അദ്ധ്യാപകൻ ലഭ്യമല്ലാത്തതിനാൽ ഈ ഒഴിവിൽ ഇനിയും നിയമനം നടന്നിട്ടില്ല. എന്നാൽ മറ്റ് റെഗുലർ ഒഴിവുകളൊന്നും (റിട്ടയർമെന്റ്, രാജി, പ്രമോഷൻ, മരണം തുടങ്ങിയവ) നിലവിലില്ലാത്തതിനാലാണ് 2022-23 ലെ അധിക തസ്തിക സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി വിട്ടുനൽകിയതെന്ന്, ബഹു. ഡി.ഡി.ഇ-യുടെ നിർദ്ദേശാനുസരണം ജോയിന്റ് മാനേജർമാർ വീണ്ടും ഒരു സത്യപ്രസ്താവന ഡി.ഡി.ഇ മുമ്പാകെ ഇതിനകം നൽകിയിട്ടുണ്ട്.

അതേസമയം, ശ്രീമതി. ശ്രീലക്ഷ്മി.എം.ആർ നെ 01/06/2023 ൽ എച്ച്.എസ്.റ്റി (ഹിന്ദി) ആയി നിയമിക്കുന്ന സമയം ഈ സ്കൂളിൽ ശ്രീ. ബി.ബിനു എച്ച്.എസ്.റ്റി (മലയാളം) എന്ന സംരക്ഷിതാദ്ധ്യാപകൻ ജോലി ചെയ്തിരുന്നു. 14/07/2023 വരെ ടിയാൻ ഈ സ്കൂളിൽ ജോലി നോക്കിയിരുന്നു. മാത്രമല്ല, 18/03/2025 ൽ സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി വീണ്ടും

വിട്ടുനൽകിയ എച്ച്.എസ്.റ്റി (അറബിക്) ന്റെ അധിക തസ്തിക സ.ഉ. (കൈ) നമ്പർ/136/2021/G.Edn. തീയതി 31-03-2021 ഉത്തരവ് പ്രകാരം റെഗുലർ തസ്തികയാണ്. ഈ ഉത്തരവിന്റെ പാരാ 3 എ യിൽ "അധിക തസ്തികകൾ കെ.ഇ.ആർ അദ്ധ്യായം 23 ലെ വ്യവസ്ഥകളനുസരിച്ച് അനുവദിക്കപ്പെടുന്നതാകയാൽ അവ റെഗുലർ തസ്തികകളാണ്, അവയെ 'ടെമ്പററി', 'പെർമനൻ്റ് എന്നിങ്ങനെ വേർതിരിക്കുന്ന രീതിക്ക് നിയമസാധുതയോ ഏതെങ്കിലും ചട്ടങ്ങ ളുടെ പിൻബലമോ ഇല്ല" എന്ന് വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. അവധി ഒഴിവു കളും നിശ്ചിത കാലയളവിലേക്ക് മാത്രമുള്ള ഒഴിവുകളും ഒഴികെ മറ്റ് തസ്തികകളും ഒഴിവുകളുമെല്ലാം അധിക തസ്തിക, റിട്ടയർമെൻ്റ്, രാജി, പ്രമോഷൻ, മരണം തുടങ്ങിയവമൂലമുണ്ടായ തസ്തികകൾ എന്ന വേർതിരിവില്ലാതെ 31/03/2021 പ്രാബല്യത്തിൽ 'റെഗുലർ' ആണെന്ന് ഈ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ഇതനുസരിച്ച് 18/09/2025 ൽ വിട്ടുനൽകി, സത്യവാങ്മൂലം ഫയൽ ചെയ്ത എച്ച്.എസ്.റ്റി അറബിക്കിന്റെ അധിക തസ്തികയും റെഗുലർ തസ്തികയാണെന്നു കാണാവുന്നതാണ്. മാത്രമല്ല, 31/03/2021 ന് മുൻപ്, ഡിപ്പാർട്ടുമെൻറിൽ നിലനിന്നിരുന്ന കീഴ്വഴക്കമനുസരിച്ചായാൽ പോലും 2022-23 ൽ അനുവദിച്ച എച്ച്. എസ്.റ്റി അറബിക്കിന്റെ അധിക തസ്തിക 2025-26 ആയപ്പോഴേക്കും നാലാമത്തെ വർഷത്തിലേക്ക് കടന്നുനിൽക്കുന്നതിനാൽ സ്ഥിരം തസ്തികയായി മാറിയിട്ടുണ്ട്.

സർവ്വോപരി, സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി നിയമാനുസരണം ഒരു റെഗുലർ തസ്തിക മാനേജർ വിട്ടുനൽകിയിട്ടും ആ ഒഴിവിലേക്ക് സംരക്ഷിതാദ്ധ്യാപകൻ ലഭ്യമല്ലെങ്കിൽപോലും കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7(5) ലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി, സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി 'ന്യൂ സ്കൂൾ' എന്ന നിലയിൽ തസ്തിക വിട്ടുനൽകി മാനേജർ സത്യവാങ്മൂലം രേഖാമൂലം ഡിപ്പാർട്ടുമെൻ്റ് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെങ്കിൽ, സംരക്ഷിതാദ്ധ്യാപക നിയമനം നടക്കാത്തതിനാൽ അംഗീകരിക്കപ്പെടാതിരിക്കുന്ന മറ്റദ്ധ്യാപക നിയമനങ്ങൾ നിയമനത്തീയതി മുതൽ അംഗീകരിച്ചു നൽകാവുന്നതാണെന്ന് G.O. (MS) No: 101/2023/G.Edn. തീയതി 31-03-2021 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 മുതലുള്ള നിയമനങ്ങൾക്ക് ഈ ഉത്തരവ് ബാധകമാണെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

സർവ്വോപരി, ഒരു വ്യവസ്ഥാപിത ഒഴിവ് സംരക്ഷിത ജീവനക്കാരനെ നിയമിക്കാനായി വിട്ടുനൽകി മാനേജർ സത്യവാങ്മൂലം യഥാസമയം നൽകി കഴി ഞ്ഞാൽ ആ ഒഴിവിലേക്ക് സംരക്ഷിതാദ്ധ്യാപകൻ ലഭ്യമായില്ലെങ്കിലോ, സംരക്ഷി താദ്ധ്യാപകരുടെ ലിസ്റ്റ് ബഹു. ഡി.ഡി.ഇ മാനേജർക്ക് നിയമനത്തിനായി നൽകിയില്ലെങ്കിലോ അതിന് മാനേജർ കുറ്റക്കാരനാകില്ലെന്നും ഇത്തരം സന്ദർഭങ്ങളിൽ മാനേജർ കെ.ഇ.ആർ, ചാപ്റ്റർ 21 റൂൾ 7(3) ലെ വ്യവസ്ഥ പൂർണ്ണമായി പാലിച്ചതായി കണക്കാക്കി, അത്തരം മാനേജർമാർ നടത്തിയിട്ടുള്ള മറ്റ് നിയമനങ്ങൾ, മറ്റ് പ്രകാരത്തിൽ ക്രമത്തിലാണെങ്കിൽ, നിയമന തീയതി മുതൽ തന്നെ അംഗീകരിച്ചു നൽകാവുന്നതാണെന്ന്, ഈ സ്കൂളിലെ തന്നെ 3 അദ്ധ്യാപകർ ചേർന്ന് ഫയൽ ചെയ്ത WP(C) No. 25973/2020 കേസിന്മേൽ 19/03/2021 ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിക്കുമ്പോൾ 'ന്യൂ സ്കൂൾ' എന്ന നിലയിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചിട്ടില്ലായെന്ന തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് വ്യക്തമാണ്.

2022-23, 2023-24, 2025-26 വർഷങ്ങളിലെ തസ്തിക നിർണ്ണയ

ഉത്തരവുകളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം 6,7,8 എന്നിങ്ങനെ ഉൾക്കൊള്ളിക്കുന്നു). അതേസമയം, ശ്രീമതി.ശ്രീലക്ഷ്മി.എം.ആർ. ന്റെ നിയമനം 08/11/2021 ന് ശേഷമുള്ളതാകയാലും ഭിന്നശേഷി നിയമനം നടന്നിട്ടില്ലാത്തതിനാലും, ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾക്ക് വിധേയമായി ടിയാരിയുടെ എച്ച്.എസ്.റ്റി (ഹിന്ദി) നിയമനം 01/06/2023 മുതൽ ദിവസവേത നാടിസ്ഥാനത്തിൽ അംഗീകരിച്ചു തരാൻ കൊല്ലം ഡി.ഇ.ഒ-ക്ക് നിർദ്ദേശം നൽകി ഈ റിവിഷൻ അപ്പീൽ തീർപ്പാക്കണമെന്നപേക്ഷിക്കുന്നു. എച്ച്.എസ്.റ്റി (ഹിന്ദി) യുടെ ഒരു ഒഴിവ് ഇതിനകം മാനേജർ ഭിന്നശേഷി സംവരണ നിയമനത്തിനായി വിട്ടുനൽകി 'റിക്വിസിഷൻ' ഫാറം സമർപ്പിക്കുകയും ആയതിന്റെ കൈപ്പറ്റു രസീത് എംപ്ലോയിമെന്റ് ഓഫീസറിൽനിന്നും കിട്ടിയിട്ടുള്ളതുമാണ്. ഈ സ്കൂൾ എച്ച്.എം. ന്റെ പ്രമോഷൻ നിയമനം അംഗീകരിക്കപ്പെടുന്ന മുറയ്ക്ക് ലഭ്യമാകുന്ന എച്ച്.എസ്.റ്റി (പി.എസ്.) ഒഴിവും ഭിന്നശേഷി സംവരണ നിയമനത്തിനായി വിട്ടുനൽകുന്നതാണെന്ന് മാനേജർ ബഹു: DEO യെ ഇതിനകം അറിയിച്ചിട്ടുള്ളതാണെന്ന് ബോധിപ്പിക്കുന്നു.

3.പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയും പ്രകാരം വാദിച്ചു :

കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.റ്റി. ഹിന്ദി അദ്ധ്യാപകൻ ശ്രീ. അബ്ദുൾ സമദ്. പി യുടെ 31-05-2023 ലെ വിരമിക്കൽ ഒഴിവിൽ ശ്രീമതി. ശ്രീലക്ഷ്മി. എം.ആർ നെ 01-06-2023 മുതൽ മാനേജർ നിയമിച്ചു. ന്യൂ സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുന്ന ടി സ്കൂളിൽ കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(3) എ യിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചിട്ടില്ല എന്ന കാരണത്താൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29-01-2024 തീയതിയിലെ ബി4/47879/2023 നമ്പർ കത്ത് പ്രകാരം ശ്രീമതി ശ്രീലക്ഷ്മി.എം.ആർ ന്റെ നിയമനം ചട്ടം പാലിക്കുന്ന മുറക്ക് പുനർസമർപ്പിക്കാൻ നിർദേശിച്ചുകൊണ്ട് നിയമനാപേക്ഷ മടക്കി നൽകിയിരുന്നു.

ശ്രീമതി. ശ്രീലക്ഷ്മി. എം.ആർ. ന്റെ നിയമനം നാളിതുവരെ പുനർസമർപ്പിക്കുകയോ ആയതിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലോ, കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്കോ, പൊതു വിദ്യാഭ്യാസ ഡയറക്ടർക്കോ അപ്പീലുകളോ, അപേക്ഷയോ സമർപ്പിച്ചതായും കാണുന്നില്ല. കൂടാതെ ശ്രീമതി. ശ്രീലക്ഷ്മി. എം.ആർ -ന്റെ നിയമന കാലഘട്ടത്തിൽ കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(3) എ യിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. നിലവിൽ ന്യൂ സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുന്ന ടി സ്കൂളിൽ സംരക്ഷിത അദ്ധ്യാപകർ ആരും തന്നെ സേവനം അനുഷ്ഠിക്കുന്നില്ല എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7(3) (എ) പ്രകാരം ടി സ്കൂളിൽ സംരക്ഷിത അദ്ധ്യാപകനെ നിയമിക്കുന്നതിന് എച്ച്.എസ്.റ്റി. (മലയാളം) അധിക തസ്തിക മാനേജർ വിട്ടു നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇതേ സ്കൂളിലെ ശ്രീ.ബി.ബിസാർ, ശ്രീമതി.നിവിത, ശ്രീമതി.അനുപമ എന്നിവരുടെ നിയമനങ്ങൾ സർക്കാർ തലത്തിൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി. ശ്രീലക്ഷ്മി. എം.ആർ-ന്റെ 01-06-2023 മുതലുള്ള നിയമനവും ടി കാലയളവിൽ മാനേജർ സംരക്ഷിത അദ്ധ്യാപകനായി തസ്തിക വിട്ടു നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി സർക്കാർ തലത്തിൽ നിയമനം പരിഗണിക്കാമെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കണ്ണനല്ലൂർ എം.കെ.എൽ.എം. എച്ച്.എസ്.എസ്സിലെ എച്ച്.എസ്.ടി. (ഹിന്ദി) അധ്യാപകൻ ശ്രീ. അബ്ദുൽ സമദ്.പി. യുടെ 31.05.2023 വിരമിക്കൽ ഒഴിവിൽ ശ്രീമതി. ശ്രീലക്ഷ്മി.എം. ആർ. 01/06/2023 മുതൽ ശമ്പള സ്കെയിലിൽ നിയമിതയായി. ന്യൂ സ്കൂളുകളുടെ ഗണത്തിൽപ്പെടുന്ന ടി സ്കൂളിൽ മാനേജർ കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(3) എ യിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടില്ല എന്നും പ്രസ്തുത ചട്ടം പാലിക്കുന്ന മുറയ്ക്ക് പുനർസമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ടും നിയമനാപേക്ഷ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ മടക്കി നൽകി.

2018-19 വർഷത്തെ തസ്തിക നിർണയ പ്രകാരം അനുവദിച്ച എച്ച്.എസ്.ടി. മലയാളം അധിക തസ്തിക കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7(3)എ ലെ വ്യവസ്ഥകൾ പ്രകാരം മാനേജർ സംരക്ഷിതാധ്യാപക നിയമത്തിനായി വിട്ട് നൽകിയിരുന്നു. എന്നാൽ 2023-24 തസ്തിക നിർണയപ്രകാരം പ്രസ്തുത തസ്തിക നഷ്ടപ്പെട്ടു. അതിനാൽ ടി തസ്തികയിൽ നിലനിന്നിരുന്ന സംരക്ഷിത അധ്യാപകനെ മാറ്റി നിയമിച്ചു.

നിലവിൽ 2022-23 വർഷത്തെ തസ്തിക നിർണയ പ്രകാരം ആരംഭിച്ച എച്ച്.എസ്.ടി. അറബിക് തസ്തിക 18.03.2025 തീയതിയിൽ സംരക്ഷിത അധ്യാപക നിയമനത്തിനായി മാനേജർ വിട്ടുനൽകിയിട്ടുണ്ട്. ഇങ്ങനെ വിട്ടു നൽകിയിട്ടുള്ള എച്ച്.എസ്.ടി. അറബിക് അധിക തസ്തിക സ.ഉ. (കൈ) നമ്പർ/136/2021/G.Edn. തീയതി 31-03-2021 ഉത്തരവ് പ്രകാരം റെഗുലർ തസ്തികയാണ് എന്ന് ഹർജിക്കാരി വാദിച്ചു. ഈ ഉത്തരവിൻ്റെ പാരാ 3 എ യിൽ "അധിക തസ്തികകൾ കെ.ഇ.ആർ അദ്ധ്യായം 23 ലെ വ്യവസ്ഥകളനുസരിച്ച് അനുവദിക്കപ്പെടുന്നതാകയാൽ അവ റെഗുലർ തസ്തികകളാണ്, അവയെ 'ടെമ്പററി', 'പെർമനന്റ്' എന്നിങ്ങനെ വേർതിരിക്കുന്ന രീതിക്ക് നിയമസാധുതയോ ഏതെങ്കിലും ചട്ടങ്ങളുടെ പിൻബലമോ ഇല്ല" എന്ന് വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. അവധി ഒഴിവുകളും നിശ്ചിത കാലയളവിലേക്ക് മാത്രമുള്ള ഒഴിവുകളും ഒഴികെ മറ്റ് തസ്തികകളും ഒഴിവുകളുമെല്ലാം അധിക തസ്തിക, റിട്ടയർമെൻ്റ്, രാജി, പ്രമോഷൻ, മരണം തുടങ്ങിയവമൂലമുണ്ടായ തസ്തികകൾ എന്ന വേർതിരിവില്ലാതെ 31/03/2021 പ്രാബല്യത്തിൽ 'റെഗുലർ' ആണെന്ന് ഈ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ഇതനുസരിച്ച് 18/03/2025 ൽ വിട്ടുനൽകി, സത്യവാങ്മൂലം ഫയൽ ചെയ്ത എച്ച്.എസ്.റ്റി അറബിക്കിന്റെ അധിക തസ്തികയും റെഗുലർ തസ്തികയാണെന്നു കാണാവുന്നതാണ്. മാത്രമല്ല, 31/03/2021 ന് മുൻപ്, ഡിപ്പാർട്ടുമെൻറിൽ നിലനിന്നിരുന്ന കീഴ്വഴക്കമനുസരിച്ചായാൽ പോലും 2022-23 ൽ അനുവദിച്ച എച്ച്.എസ്.റ്റി അറബിക്കിന്റെ അധിക തസ്തിക 2025-26 ആയപ്പോഴേക്കും നാലാമത്തെ വർഷത്തിലേക്ക് കടന്നുനിൽക്കുന്നതിനാൽ സ്ഥിരം തസ്തികയായി മാറിയിട്ടുണ്ട് എന്ന് ഹർജിക്കാരി ചൂണ്ടിക്കാട്ടുന്നു.

സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതിന് എച്ച്.എസ്.റ്റി അറബിക് അധിക തസ്തിക വിട്ടു നൽകിയിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി. ശ്രീലക്ഷ്മി.എം.ആർ - ന്റെ 01.06.2023 മുതലുള്ള നിയമനം അംഗീകരിക്കുന്നതിന് നിലവിൽ തടസ്സം ഒന്നും ഇല്ലെന്ന് പൊതുവിദ്യാഭ്യാസ ഓഫീസർമാർ ഹിയറിംഗ് വേളയിൽ അറിയിച്ചിട്ടുണ്ട്. ഇതേ സാഹചര്യത്തിൽ ഉണ്ടായിരുന്ന പുതിയ സ്കൂളിലെ മൂന്ന് അധ്യാപകരുടെ നിയമനങ്ങൾ ഇത്തരത്തിൽ സർക്കാർതലത്തിൽ അംഗീകരിച്ചു നൽകിയിട്ടുള്ളതായി പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ

സാഹചര്യത്തിൽ കണ്ണനല്ലൂർ എം.കെ.എൽ.എം. എച്ച്.എസ്.എസ്സിലെ എച്ച്.എസ്.ടി. (ഹിന്ദി) തസ്തികയിലെ ശ്രീമതി. ശ്രീലക്ഷ്മി.എം.ആർ - ന്റെ 01.06.2023 മുതലുള്ള നിയമനം മാനേജർ സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതിന് തസ്തിക വിട്ടുനൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിമറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കാൻ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം കണ്ണനല്ലൂർ എം.കെ.എൽ.എം. എച്ച്.എസ്.എസ്സിലെ എച്ച്.എസ്.ടി. (ഹിന്ദി) ശ്രീമതി. ശ്രീലക്ഷ്മി.എം.ആർ - ന്റെ പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എം.കെ.എൽ.എം. എച്ച്.എസ്.എസ്, കണ്ണനല്ലൂർ,കൊല്ലം
ശ്രീമതി. ശ്രീലക്ഷ്മി.എം.ആർ.,എച്ച്.എസ്.ടി. (ഹിന്ദി),എം.കെ.എൽ.എം. എച്ച്.എസ്.എസ്, കണ്ണനല്ലൂർ,കൊല്ലം
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 26-12-2025 15:51:57
സെക്ഷൻ ഓഫീസർ